***'CORRUPTION, A CRIME AGAINST NATION'***

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി 26. 07. 2023**

## "ഓപ്പറേഷൻ സ്റ്റെപ്പിനി": മോട്ടോർ വാഹന ഡ്രൈവിംഗ് പരിശീലന രംഗത്ത് സംസ്ഥാന വ്യാപക ക്രമക്കേടുകൾ വിജിലൻസ് കണ്ടെത്തി.

സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങളുടെ കാരണം ഡ്രൈവർമാർക്ക് ലഭിക്കുന്ന പരിശീലനത്തിന്റെ ഗുണമേന്മക്കുറവാണെന്നും പരിശീലനം നല്ല രീതിയിൽ പൂർത്തിയാക്കാത്തവർ മോട്ടോർ വാഹന ഉദ്യോഗസ്ഥർക്ക് കൈക്കൂലി നൽകിയും ഡ്രൈവിംഗ് സ്കൂളുകൾ വഴി സ്വാധീനം ചെലുത്തിയും ഡ്രൈവിംഗ് ടെസ്റ്റ് പാസ്സാകുന്നത് കൊണ്ടാണെന്നും വിജിലൻസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ ഡ്രൈവിംഗ് സ്കൂളുകൾ വഴിയുള്ള പരിശീലനം സർക്കാർ ഉത്തരവുകൾ പ്രകാരമാണോ നടന്നുവരുന്നതെന്ന് പരിശോധിക്കുന്നതിലേക്ക് മോട്ടോർ വാഹന വകുപ്പിന്റെ തെരഞ്ഞെടുത്ത ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടുകളും തെരഞ്ഞെടുത്ത ഡ്രൈവിംഗ് സ്കൂളുകളും കേന്ദ്രീകരിച്ച് ഇന്നലെ (25/07/2023) രാവിലെ 09:30 മണി മുതൽ ഒരേ സമയം മിന്നൽ പരിശോധന നടത്തിയത്.

മോട്ടോർ വാഹന വകുപ്പ് നിഷ്കർഷിക്കുന്ന പ്രകാരമല്ല സംസ്ഥാനത്തെ ചില മോട്ടോർ വാഹന വകുപ്പ് ഉദ്ധ്യോഗസ്ഥർ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതെന്നും ചില ഡ്രൈവിംഗ് സ്കൂളുകാർ പരിശീലനം നൽകുന്നത് പേരിന് മാത്രമാണെന്നും വാഹന ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങി ഇവരുടെ ക്രമക്കേടുകൾ കണ്ടില്ലെന്ന് നടിക്കുന്നുവെന്നും വിജിലൻസിന് രഹസ്യ വിവരം ലഭിച്ചിരുന്നു.ചില ഡ്രൈവിംഗ് സ്കൂൾ ഉടമകൾ ലൈസൻസ് ലഭിക്കുന്നതിന് വേണ്ടി യോഗ്യതയുള്ള ഒരു ഇൻസ്ട്രക്ടറെ പരിശീലകനായി കാണിച്ച് ലൈസൻസ് നേടിയെടുത്ത ശേഷം ഈ പരിശീലകനെ കൂടാതെ തന്നെ ഡ്രൈവിംഗ് പരിശീലനം നൽകുന്നതായും മോട്ടോർ വാഹന നിയമ പ്രകാരമുള്ള സിലബസ്സ് പല ഡ്രൈവിംഗ് സ്കൂളുകളിലും പഠിപ്പിക്കുന്നില്ലായെന്നും ചില ഡ്രൈവിംഗ് സ്കൂളുകളിൽ ക്ലാസ് എടുക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഇല്ലായെന്നും ചില ഡ്രൈവിംഗ് സ്കൂളുകാർ പരിശീലനത്തിന് അനുവാദം ലഭിച്ചിട്ടുള്ള റൂട്ടുകൾ മാറ്റി പകരം തിരക്കേറിയ റോഡുകളിലൂടെയും മറ്റും പരിശീലനം നൽകുന്നതായും ഡ്രൈവിംഗ്

പരിശീലിപ്പിക്കുന്നതിന് ഒരു ലൈസൻസ് വാങ്ങിയ ശേഷം നിയമ വിരുദ്ധമായി ജില്ലകളുടെ വിവിധ ഭാഗങ്ങളിൽ വിവിധ ബ്രാഞ്ചുകൾ ആരംഭിച്ച് പ്രവർത്തിച്ചു വരുന്നതായും പരിശീലനം നൽകുന്ന വാഹനങ്ങളിൽ നിയമപ്രകാരം നിർബന്ധമായും ഉണ്ടായിരിക്കേണ്ട ഡ്യുവൽ കൺട്രോൾ സിസ്റ്റം ഇല്ലാത്ത വാഹനങ്ങൾ ഉപയോഗിച്ചും പരിശീലനം നൽകിവരുന്നതായും വിജിലൻസിന് രഹസ്യ വിവരം ലഭിച്ചിരുന്നു.

മോട്ടോർ വാഹന വകുപ്പ് നടത്തുന്ന ഡ്രൈവിംഗ് ടെസ്റ്റുകളിൽ നടന്നിരുന്ന അഴിമതി തുടച്ച് നീക്കുന്നതിനും ഡ്രൈവിംഗ് ടെസ്റ്റ് പരീക്ഷ സുതാര്യമാക്കുന്നതിന് 2012 മുതൽ ഡ്രൈവിംഗ് ടെസ്റ്റ് പൂർണ്ണമായും വീഡിയോ റിക്കോർഡ് ചെയ്ത് സിഡിയിൽ സൂക്ഷിക്കണമെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ ഉത്തരവ് നൽകിയിട്ടുണ്ടെങ്കിലും ആയവ കാറ്റിൽ പറത്തിക്കൊണ്ട് മോട്ടോർ വാഹന വകുപ്പ് ഉദ്ധ്യോഗസ്ഥർ ടെസ്റ്റുകൾ നടത്തി വരുന്നതായും വിജിലൻസ് കണ്ടെത്തി. ഇന്നലെ മിന്നൽ പരിശോധന നടത്തിയ 60 ടെസ്റ്റ് ഗ്രൌണ്ടുകളിൽ 49-ലും ക്യാമറകൾ പ്രവർത്തിക്കുന്നില്ലെന്നും ഇവയിൽ പലതും വർഷങ്ങളായി പ്രവർത്തിക്കുന്നില്ലായെന്നും അവയുടെ തകരാർ പരിഹരിക്കുന്നതിനോ പകരം സംവിധാനമൊരുക്കുന്നതിനോ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ യാതൊരു വിധ നടപടിയും സ്വീകരിക്കുന്നില്ലെന്നും വിജിലൻസ് കണ്ടെത്തി.

കണ്ണൂർ ജില്ലയിലെ തോട്ടടയിൽ പ്രവർത്തിക്കുന്ന ടെസ്റ്റ് ഗ്രൌണ്ടിലും കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ജോയിന്റ് ആർ.ടി ഒ യുടെ ടെസ്റ്റ് ഗ്രൌണ്ടിലും ടെസ്റ്റ് നടത്താൻ നിയോഗിക്കപ്പെട്ട മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ ടെസ്റ്റ് ഗ്രൌണ്ടിൽ ഹാജരാകാതെയാണ് ടെസ്റ്റ് നടത്തുന്നതെന്നും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ജോയിന്റ് ആർ.ടി ഒ യുടെ കീഴിൽ ചുറ്റമൂല പ്രവർത്തിക്കുന്ന ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൌണ്ടിൽ ഒരേ സമയം നടക്കുന്ന ഇരുചക്ര വാഹനങ്ങളുടെ ടെസ്റ്റും നാല് ചക്രവാഹനങ്ങളുടെ ടെസ്റ്റും നടത്തുന്നത് ഒരു ഉദ്യോഗസ്ഥനാണെന്നും ഇവിടെയും ക്യാമറ പ്രവർത്തിക്കുന്നില്ലെന്നും വിജിലൻസ് കണ്ടെത്തി.

തിരുവനന്തപുരം ജില്ലയിലെ വർക്കല മുനിസിപ്പാലിറ്റിയിൽ നിന്നും ഒരു സ്വകാര്യവ്യക്തി 1.5 ലക്ഷം രൂപയ്ക്ക് ലീസിനെടുത്ത സ്വകാര്യ ഭൂമിയിലാണ് വർക്കല ജോയിന്റ് ആർ.ടി.ഒ -യുടെ ടെസ്റ്റ് ഗ്രൌണ്ട് പ്രവർത്തിക്കുന്നതെന്നും ടെസ്റ്റിന് വരുന്ന ഓരോരുത്തരിൽ നിന്നും 15രൂപ വീതം ഭൂമി വാടക ഇനത്തിൽ പിരിച്ചെടുക്കുന്നതായും പത്തനാപുരം ജോയിന്റ് ആർ.ടി ഓഫീസിന്റെ കീഴിൽ മാമൂട്ടിൽ ടെസ്റ്റ് ഗ്രൌണ്ടായി ഉപയോഗിച്ച് വരുന്ന സ്വകാര്യഭൂമിയ്ക്ക് 10 ഡ്രൈവിംഗ് സ്കൂളുകാർ ചേർന്ന് പ്രതിമാസം 12000/-രൂപ വാടക നൽകുന്നതായും വിജിലൻസ് കണ്ടെത്തി.

ഡ്രൈവിംഗ് പരിശീലനം നടത്തുന്നവർക്ക് ഗുണനിലവാരമുള്ള പരിശീലനം ഉറപ്പ് വരുത്തുന്നതിലേയ്ക്ക് ട്രാൻസ്പോർട്ട് കമ്മീഷണറുടെ 2014-ലെ സർക്കുലർ പ്രകാരം ഡ്രൈവിംഗ് സ്കൂളുകാർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ ഒട്ടുമിക്ക ഡ്രൈവിംഗ് സ്കൂളുകാരും ഇത് പാലിക്കുന്നില്ലായെന്നും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ട മോട്ടോർ

വാഹനവകുപ്പ് ഉദ്യോഗസ്ഥരിൽ ഒരു വിഭാഗം കൈക്കൂലി വാങ്ങി അവർക്ക് ഒത്താശ ചെയ്ത് നൽകുന്നതായും വിജിലൻസ് ഇന്നലെ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തി.

നിലവിൽ മതിയായ യോഗ്യത ഇല്ലാത്തവരാണ് ഡ്രൈവിംഗ് പരിശീലനം നൽകിവരുന്നതെന്നും ഡ്രൈവിംഗ് സ്കൂൾ വഴി പരിശീലനം നേടുന്നവർക്ക് കാര്യക്ഷമമായ പരിശീലനം ഉറപ്പ് വരുത്തുന്നതിലേയ്ക്കായി മോട്ടോർ വാഹനനിയമത്തിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഒട്ടുമിക്കവയും സംസ്ഥാനത്തെ ഭൂരിഭാഗം ഡ്രൈവിംഗ് സ്കൂളുകാരും പാലിക്കുന്നില്ലെന്നും ഡ്രൈവിംഗ് സ്കൂളുകളിൽ സൂക്ഷിക്കുന്ന ഇൻസ്പെക്ഷൻ രജിസ്റ്ററിൽ പരിശോധന നടത്തി രേഖപ്പെടുത്തേണ്ട മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ ഇത് പാലിക്കുന്നില്ലായെന്നും വിവരം ലഭിച്ചിരുന്നതും വിജിലൻസ് പരിശോധിച്ച ഒട്ടുമിക്ക ഡ്രൈവിംഗ് സ്കൂളുകളിലും ഇത്തരം ഒരു രജിസ്റ്റർ പോലും ഇല്ലായെന്നും വിജിലൻസ് കണ്ടെത്തി.

വാഹനപരിശീലനത്തിന് ഡ്രൈവിംഗ് സ്കൂളുകളിൽ ലൈസൻസുള്ള ഇൻസ്ട്രക്ടർമാർ ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പല ഡ്രൈവിംഗ് സ്കൂളുകളിലും മതിയായ യോഗ്യതയുള്ള ഇൻസ്ട്രക്ടർമാർ ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നതെന്നും എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ സബ് ആർ.ടി ഒ യുടെ കീഴിലുള്ള ഡ്രൈവിംഗ് സ്കൂളിലെ ഇൻസ്ട്രക്ടർ കഴിഞ്ഞ 10 മാസമായി വിദേശത്ത് ജോലി നോക്കി വരികയാണെന്നും കണ്ണൂർ സൌത്ത് ബസ്സാറിലെ ഡ്രൈവിംഗ് സ്കൂൾ 2021-ൽ ലൈസൻസ് കാലാവധി കഴിഞ്ഞിട്ടും ഇപ്പോഴും പ്രവർത്തിച്ചു വരികയാണെന്നും വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിൽ പ്രവർത്തിക്കുന്ന ഡ്രൈവിംഗ് സ്കൂളിൽ ഇൻസ്ട്രക്ടർ ലൈസൻസ് ഇല്ലാത്തവരാണ് ഡ്രൈവിംഗ് പരിശീലനം നൽകുന്നതെന്നും ഭൂരിഭാഗം ഡ്രൈവിംഗ് സ്കൂളുകാരും പഠിതാക്കൾക്ക് ക്ലാസ് നൽകാതെ പഠനസഹായി മാത്രം നൽകി വരുന്നതായും വിജിലൻസ് കണ്ടെത്തി. സംസ്ഥാനമൊട്ടാകെ ലൈസൻസ് നേടിയ പല പഠിതാക്കളേയും മിന്നൽ പരിശോധനാ വേളയിൽ വിജിലൻസ് ഉദ്ധ്യോഗസ്ഥർ ഫോൺ മുഖാന്തിരം ബന്ധപ്പെട്ടതിൽ പലർക്കും മതിയായ ലക്ചർ ക്ലാസ്സുകൾ ലഭിച്ചിട്ടില്ലെന്ന് അറിയുകയും ചെയ്തു.

മോട്ടോർ വാഹനവകുപ്പിന്റെ 2014-ലെ ഉത്തരവ് പ്രകാരം ഡ്രൈവിംഗ് പരിശീലകർക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്ന റൂട്ടുകൾ എല്ലാമാസവും 1-ാം തീയതിയും 15-ാം തീയതിയുമിടയിൽ മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥരെ അറിയിച്ച് അനുമതി വാങ്ങണമെന്ന നിർദ്ദേശവും ലെക്ചർ ക്ലാസ് സിലബസ് , സമയം , ടൈംടേബിൾ എന്നിവയ്ക്ക് മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥരുടെ അംഗീകാരവും നേടണമെന്ന നിർദ്ദേശവും സംസ്ഥാനത്തെ ഒട്ടുമിക്ക ഡ്രൈവിംഗ് സ്കൂളുകാരും പാലിക്കുന്നില്ലായെന്നും വിജിലൻസ് കണ്ടെത്തി. ഡ്രൈവിംഗ് സ്കൂളുകളിൽ പ്രത്യേകം ലക്ചർ ക്ലാസ് മുറി, വാഹനങ്ങളുടെ ഭാഗങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള Demonstration Room, Working Space എന്നിവ നിഷ്കർഷിക്കുന്നുവെങ്കിലും പല ഡ്രൈവിംഗ്

സ്കൂളുകളിലും ഇവ പേരിന് മാത്രമാണ് പ്രവർത്തിച്ച് വരുന്നതെന്നും ഇന്നലെ നടന്ന വിജിലൻസ് പരിശോധനയിൽ വിജിലൻസ് കണ്ടെത്തി.

കോട്ടയം മോട്ടോർ വെഹ്ക്കിൾ എൻഫോഴ്സ്മെന്റ് അസി.മോട്ടോർ വെഹ്ക്കിൾ ഇൻസ്പെക്ടറായി ജോലി നോക്കുന്ന ഒരു ഉദ്യോഗസ്ഥന്റെ ഭാര്യയുടെ പേരിൽ ഡ്രൈവിംഗ് സ്കൂൾ നടത്തുന്നതായും പത്തനംതിട്ട റാന്നി ജോയിന്റ് ആർ.ടി ഒ യുടെ കീഴിൽ ഇരുചക്ര വാഹന ടെസ്റ്റിന് ഉപയോഗിക്കുന്ന ഇരുചക്രവാഹനങ്ങളിൽ ടെസ്റ്റ് വേളയിൽ ഓഫ് ആകാതിരിക്കുന്നതിന് ആക്സിലറേറ്റർ ക്രമീകരിക്കുന്ന നട്ട് ഉറപ്പിച്ചിട്ടുള്ളതായും വിജിലൻസ് കണ്ടെത്തി.

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട ആർ.ടി ഒ യുടെ കീഴിൽ പ്രവർത്തിക്കുന്ന മൂന്ന് ഡ്രൈവിംഗ് സ്കൂളുകൾ വഴി ടെസ്റ്റ് പാസ്സാകുന്നവരിൽ നിന്നും നാല് ചക്ര വാഹനങ്ങളുടെ ലൈസൻസിന് 300 രൂപയും ഇരുചക്ര വാഹന ലൈസൻസിന് 250 രൂപ വീതവും ഡ്രൈവിംഗ് സ്കൂളുകാർ പണമായി വാങ്ങി ഉദ്യോഗസ്ഥർക്ക് നൽകുന്നതായും ഇപ്രകാരം സംസ്ഥാനത്തെ പല ഡ്രൈവിംഗ് സ്കൂളുകാരും പഠിതാക്കളിൽ നിന്നും കൈക്കൂലി വാങ്ങി മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് പല സ്ഥലങ്ങളിൽ വച്ചും കൈമാറുന്നതായും അതിനെ പറ്റി വരും ദിവസങ്ങളിൽ കൂടുതൽ അന്വേഷണം നടത്തുന്നതാണെന്നും വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം.ഐ.പി.എസ് അറിയിച്ചു.

മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരം കാര്യക്ഷമമായി പരിശീലനം പൂർത്തിയായവർക്ക് മാത്രമേ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ വരും ദിവസങ്ങളിലും തുടരുമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ.മനോജ് എബ്രഹാം ഐ.പി.എസ് അറിയിച്ചു.

വിജിലൻസ് ഡയറക്ടർ മനോജ് എബ്രഹാം ഐപിഎസ്-ന്റെ ഉത്തരവിൻ പ്രകാരം വിജിലൻസ് ഇൻസ്പെക്ടർ ജനറൽ ശ്രീമതി ഹർഷിത അട്ടല്ലൂരി ഐ. പി. എസ്സ് ന്റെ മേൽനോട്ടത്തിൽ വിജിലൻസ് പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്) ചുമതല വഹിക്കുന്ന ശ്രീ. ജയശങ്കർ. ഐ.പി.എസ്-ന്റെ നേതൃത്വത്തിൽ നടന്ന മിന്നൽ പരിശോധനയിൽ സംസ്ഥാനത്തെ എല്ലാ വിജിലൻസ് യൂണിറ്റുകളും റേഞ്ച് ഓഫീസുകളും പങ്കെടുത്തു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾഫ്രീ നമ്പർ ആയ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സപ്പ് നമ്പർ ആയ 9447789100 എന്ന നമ്പറിലോ എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ശ്രീ. മനോജ്എബ്രഹാം ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.